on that ground. Now the mover of the resolution in his reply seems to accept the principle that the court fee has to be fixed on the time occupied by the court. If that principle is accepted, as I have already shown, it will land us in several difficulties. First of all, the court will have to fix the time in every case and also the time taken by the subordinate staff; parties will have to spend more if more time is taken in court. It is not advantageous to the lawyer also because the conscientious lawyer has to see that the court fee is reduced by reducing the time occupied by the court for the disposal of a case. So far as the Government is concerned, fresh court fee will have to be levied in execution instead of the 8 annas now levied for in execution. Just as in execution the lawyer is paid something more towards his fees. As I already said, the court fee paid at the institution of the plaint takes into account the subsequent help for realization through the arrears of the court. It is not possible to give any relief on the new ground of depression urged by some of the hon'ble members of the House.

മിസ്റ്റർ വി. പി. കണ്ണപിള്ള : തിരുവിതാംകൂറിലും ബ്രിട്ടീഷിലും വസ്തു സംബന്ധമായ കേസുകൾക്ക് കൊച്ചിയേക്കാൾ കോർട്ട്ഫീസ് വളരെ കുറവാണെന്നുള്ളതു് ബഹുമാനപ്പെട്ട ശവമ്മെണ്ടിനു് അറിയാമൊ?

മിസ്റ്റർ സി. എ. കുഞ്ഞുണ്ണിരാജാ : എല്ലാ കേസുകൾക്കും അങ്ങിനെ കുറവില്ല. ഫിക്സഡ്ഫീസ് ചില കേസുകൾക്കെല്ലാം അവിടെയുമുണ്ട്. ചിലതിനെല്ലാം ഇവിടത്തേക്കാൾ വളരെ കൂടുതലുമാണ്. മണിസ്യൂട്ടിനെ സംബന്ധിച്ചു ബ്രിട്ടീഷിൽ നൂറ്റക്കു പതിനൊന്നേകാൽ ശ്രുപായാണു് കോർട്ട്ഫീസുള്ളതു്. ഇവിടെ ആറേകാൽ ശ്രുപാ മാത്രമാണു്. നിരക്കിൽ തിരുവിതാംകൂറിലും അല്ലും വ്യത്യാസമുണ്ടു്.

മിസ്റ്റർ വി. പി. കണ്ണപിള്ള : വസ്തുസംബന്ധമായുള്ള എല്ലാ കേസുകൾക്കും കോർട്ട്ഫീസു് ഇവിടത്തേക്കാളൊക്കെ അവിടെ വളരെ കുറവാണെന്നുള്ളതു് ശവമ്മെണ്ടിനറിയാമൊ?

മിസ്റ്റർ സി. എ. കുഞ്ഞുണ്ണിരാജാ : എവിക്ഷ്യൻ സ്യൂട്ടുകളിൽ മാത്രം കുറച്ചെല്ലാം വ്യത്യാസങ്ങളുണ്ടു്.

The resolution was put and carried.

16. Levy of license fees on Motor Boats, Valloms, Etc., in four instalments.

മിസ്റ്റർ ബി. എം. പീറാർ : പ്രസിഡണ്ടു് സർ, "മോട്ടാർബോട്ടുകൾ, വള്ളങ്ങൾ, വഞ്ചികൾ ഇതുകളുടെ ലൈസൻസു് ഫീസു് ഒറാശ്ശുവായി പിരിച്ചുവരുന്ന ഇപ്പോഴത്തെ സമ്പ്രദായം മാറ്റപ്പെട്ടതായി ആണ്ടിൽ നാലു ശ്രുവുകളായി ടി ഫീസു് അടച്ചുതീർക്കത്തക്കവണ്ണം സൌകര്യം കൊടുക്കണമെന്നു ബഹുമാനപ്പെട്ട ശവമ്മെണ്ടിനോടു ശ്രുപാർശ ചെയ്യുന്നു."

LIBRARY ARCHIVES Kerala Legislative Assembly

സർ, എന്റെ ഈ പ്രമേയത്തിനു് അനുദ്യോഗസ്ഥപക്ഷത്തുനിന്നെന്ന പോലെതന്നെ ഉദ്യോഗസ്ഥപക്ഷത്തുനിന്നും അനുഭാവമുണ്ടാകുമെന്ന വിശ്വാസിച്ചാണു് ഞാനിതിവിടെ അവതരിപ്പിക്കുന്നതു്. എന്തെന്നാൽ ഇന്നത്തെ ഏതു രാഷ്ട്രീയവും തൊഴിലാളികളേയും കർഷകരേയും ഒരുപോലെ സഹായിച്ചുവരുന്നുവെന്നുള്ള വസ്തുതയെപ്പറ്റി പ്രത്യേകം പ്രസ്താവിക്കേണ്ട ആവശ്യമില്ല. എന്നാൽ തൊഴിലാളികളും കർഷകന്മാരും ഒരുപോലെ കഷ്ടപ്പെടുന്ന ഈ അവസരത്തിൽ ബഹുമാനപ്പെട്ട ശവമ്മെണ്ടു് ഈ സംഗതി അനുഭാവപൂർവ്വം ചിന്തിക്കണമെന്നാണെന്റെ അപേക്ഷ. ഇപ്പോൾ ലൈസൻസുഫീസ് കൊല്ലത്തിൽ ഒരു തവണയായിട്ടാണ് കൊടുക്കേണ്ടിയിരിക്കുന്നതു്. അതും തൊഴിലാളികൾ യാതൊരു തൊഴിലുമില്ലാതെ ഒരു പൈപോലും കിട്ടാൻ നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്ന അവസരമായ ചിങ്ങം, കന്നി ഈ മാസങ്ങളിലാണു്, ടി ഫീസു മുഴുക്കെ അടക്കേണ്ടിവരുന്നതു്. അതിനാൽ പല വല്ലങ്ങളും വഞ്ചികളും ലൈസൻസുഫീസടയ്ക്കാൻ നിവൃത്തിയില്ലാതെ കടവുകളിൽ കെട്ടിയിടാൻ നിർബ്ബന്ധിതരായിതീരുന്നു. ഇതു എനിക്കു സ്വന്തം അനുഭവമുള്ള സംഗതിയാണു്. ഇതിനെ സംബന്ധിച്ചു് അടുത്തു തിരുവിതാംകൂർ സംസ്ഥാനത്തിൽ നടന്ന ലേബർ സ്റ്റ്രൈക്കിൽ അവരാവശ്യപ്പെട്ട പ്രധാനസംഗതി ഇതായിരുന്നു. ഇതുകൂടാതെ വേറെ പല ആവശ്യങ്ങളുമുണ്ടായിരുന്നെങ്കിലും അതിൽ പ്രധാനമായി അവർ കണക്കാക്കിയ പ്രശ്നം ഇതുതന്നെയായിരുന്നു. അതിനെ അവിടത്തെ ശവമ്മെണ്ടു്, അവരുടെ അപേക്ഷയനുസരിച്ചു ലൈസൻസുഫീസ് രണ്ടുവുകളായി അടച്ചാൽ മതിയെന്നു പ്രതിജ്ഞ ചെയ്യുകയും അങ്ങിനെ അനുവദിക്കയും ചെയ്തു. അതുകൊണ്ടു് ആ നില ഇവിടത്തെ ശവമ്മെണ്ടും സ്വീകരിച്ചു ആ മനോഭാവം ഇവിടേയും പ്രകടിപ്പിക്കണം. അല്ലാതെ ഇവിടത്തെ രാഷ്ട്രീയാന്തരീക്ഷം ഒരുതരത്തിലും പ്രക്ഷുബ്ധമാക്കിത്തീർക്കാനിടയാക്കരുതെന്നും ഞാൻ ബഹുമാനപ്പെട്ട ശവമ്മെണ്ടിനോടപേക്ഷിക്കുന്നു. ആവശ്യപ്പെടുന്ന കാര്യങ്ങൾ തക്ക അവസരത്തിൽ കൊടുത്താൽ വലുതായ സ്റ്റ്രൈക്കോ, ലഹളയോ കൂടാതെ കഴിക്കാൻ സാധിക്കും. ആവശ്യപ്പെടുന്നതു ആവശ്യമായ സമയത്തിൽ അനുവദിച്ചുകൊടുക്കാതെ ശവമ്മെണ്ടു എന്നു പിന്നോക്കം പോകുന്നുവൊ അന്നാണു് ലഹളകളും കുഴപ്പങ്ങളുമൊക്കെയുണ്ടാകുന്നതു്. അതുകൊണ്ടു് ഈ കാര്യത്തിൽ ശവമ്മെണ്ടു വേണ്ടതു പ്രവൃത്തിച്ചുകാണ്മാനുള്ള അപേക്ഷയോടുകൂടി ഈ പ്രമേയം സഭമുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. കെ. കുട്ടി : ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മിസ്റ്റർ കെ. പി. കണ്ണൻനായർ : ലൈസൻസു കൊടുക്കുന്ന സമ്പ്രദായത്തെ സംബന്ധിച്ചുള്ള റൂൾസ് ഈ കൊച്ചിരാജ്യത്തിനു മാത്രമായി പ്രത്യേകിച്ചു ചെയ്യാൻ പാടുള്ളതല്ല. കനാലിനെ സംബന്ധിച്ചിടത്തോളം കൊച്ചി, തിരുവിതാംകൂർ, മദ്രാസ് എന്നീ മൂന്നു ശവമ്മെണ്ടുകളും സഹകരിച്ചു റൂളുകളുണ്ടാക്കുകയാണു് പതിവു്. അവയിൽ ഇവിടെ ഒരു ഭേദഗതിയുണ്ടാക്കണമെങ്കിൽ അതു മദ്രാസ്, തിരുവിതാംകൂർ എന്നീ ശവമ്മെണ്ടുകളുടേയും, അതുപോലെ ആ ശവമ്മെണ്ടുകൾക്കെന്തെങ്കിലും ഒരു ഭേദഗതി ചെയ്യണമെങ്കിൽ അതിനു നമ്മുടെ ശവമ്മെണ്ടിന്റേയും അംഗീകാരം അന്യോന്യം ആവശ്യമാണു്. അതുകൊണ്ടു ഇപ്പോൾ ഒരു തവണയായി കൊടുക്കുന്ന ലൈസൻസ് ഫീസ് രണ്ടു തവണകളായി അടച്ചാൽ മതി എന്നു റൂളുണ്ടാക്കുന്നതിനും അങ്ങിനെ പ്രതിജ്ഞ ചെയ്യുന്നതിനും കൊച്ചിശവമ്മെണ്ടിനു പ്രത്യേകിച്ചായി പാടുള്ളതല്ല. ഇപ്പോൾ സാധാരണയായി ചെയ്യുവരുന്നതു, കൊല്ലത്തിൽ ഒരു തവ

LIBRARY ARCHIVES Kerala Legislative Assembly

ണയായി വസൂൽ ചെയ്യുന്ന ഈ ഫീസ് അങ്ങിനെ ഒരു ശഡുവായി അടക്കാൻ നിവൃത്തിയില്ലെന്നു പറഞ്ഞു അപേക്ഷ അയയ്ക്കുന്നവർ ആണ്ടിൽ രണ്ടു തവണയായി അടയ്ക്കാൻ സമ്മതിക്കുകയും അങ്ങിനെ പിരിക്കുകയും ചെയ്യാറുണ്ട്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന മാതിരി സംഖ്യ ര് തവണയായി പിരിക്കാനനുവദിക്കണമെന്നു പറഞ്ഞു ആരുടെ പക്കൽനിന്നും ഇതുവരെ ഒരപേക്ഷയും ശവമ്മെണ്ടിലേയ്ക്കു കിട്ടീട്ടില്ല. തിരുവിതാംകൂറിൽ ഇപ്പോൾ ഇങ്ങിനെ ഒരു സൌജന്യം തല്ക്കാലത്തേയ്ക്കു ചെയ്യുകൊടുത്തിട്ടുണ്ടാകാം. അല്ലാതെ അതിനെക്കുറിച്ചു തീർപ്പായ അറിവൊന്നും ഇവിടെ കിട്ടീട്ടില്ല.

മിസ്റ്റർ ഇസ്മായിൽ ഫാജി ഇബ്രാഹിം സേട്ട് : രൂൾസിൽ ഇങ്ങിനെ ഒരു ശഡുവെന്നു വ്യവസ്ഥയുണ്ടെങ്കിൽ പിന്നെ അവിടെ അവക്കിങ്ങിനെ അനുവദിക്കാമോ ?

മിസ്റ്റർ കെ. പി. കണ്ണൻനായർ : ലൈസൻസെടുക്കുന്നതു് വർഷാരംഭത്തിലാണു്. വർഷാരംഭത്തിൽ ലൈസൻസെടുക്കുന്നതിനാൽ ഇൻസ്പെക്ഷൻ കർക്കടകമാസത്തിലാണു നടത്തേണ്ടതു്. അങ്ങിനെ കർക്കടകമാസത്തിൽ ഇൻസ്പെക്ഷൻ നടത്തണമെന്നാണു നിർദ്ദേശിച്ചിട്ടുള്ളതു്. എന്നാൽ ആ ഇൻസ്പെക്ഷൻ കർക്കടകത്തിൽനിന്നു ചിങ്ങത്തിലേയ്ക്കോ കന്നിയിലേയ്ക്കോ മാറ്റികിട്ടിയാൽ കൊള്ളാമെന്നു പറഞ്ഞു ചിലർ അപേക്ഷിക്കാറുണ്ടു്, അതനുസരിച്ചു അനുവദിച്ചുകൊടുക്കാറുമുണ്ടു്. പിന്നെ ചിലരിൽനിന്നു ലൈസൻസു ഫീസു് ആണ്ടിൽ രണ്ടുതവണയായി അടയ്ക്കാൻ അനുവദിക്കണമെന്നു പറഞ്ഞു അപേക്ഷ കിട്ടാറുണ്ടു്, അവർക്കു അതനുവദിച്ചു കൊടുക്കാറുമുണ്ടു്. ഇതിങ്ങിനെ മൂന്നാലു കൊല്ലങ്ങളായി നടന്നുവരുന്നുണ്ടു്. പിന്നെ വള്ളങ്ങളുടെ കാര്യത്തെ സംബന്ധിച്ചു മദ്രാസു് ശവമ്മെണ്ടിലേയ്ക്കെഴുതിയിട്ടു അവർ അനുവദിച്ചിട്ടില്ല. അവർ അനുവദിക്കാതെ ഇവിടെ ഒന്നും ചെയ്യാൻ നിവൃത്തിയില്ല. എന്തെന്നാൽ ഇവിടെ ലൈസൻസു പതിച്ചിട്ടുള്ള വള്ളങ്ങൾ തിരുവിതാംകൂറിലോ ബ്രിട്ടീഷിലോ ചെന്നാൽ അവരും, അവിടത്തെ വള്ളങ്ങൾ ഇവിടെ വന്നാൽ നമ്മളും അംഗീകരിക്കേണ്ടതാണു്. അതിനാൽ മദ്രാസു് ശവമ്മെണ്ടു് അനുവദിക്കാത്തതിനാൽ വള്ളങ്ങളുടെ കാര്യത്തിൽമാത്രം ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. പിന്നെ മോട്ടോർ ബോട്ടിന്റെ കാര്യത്തിൽ ഈ കൊല്ലവും രണ്ടു തവണയായി ഫീസടച്ചാൽ മതിയെന്നു് ഏർപ്പാടു ചെയ്തിട്ടുണ്ടു്. എന്നാൽ ഈ പ്രമേയം കൊണ്ടാവശ്യപ്പെട്ടതു ഈ രൂൾ ആകപ്പാടെതന്നെ ഭേദപ്പെടുത്തണമെന്നാണു്. അങ്ങിനെ ചെയ്യാൻ നിവൃത്തിയില്ല, എന്നല്ല അതിന്റെ ആവശ്യവുമുണ്ടെന്നു തോന്നുന്നുമില്ല. മറ്റാരിൽനിന്നും ഇതുവരെ ഇങ്ങിനെ നാലുശഡുവുകളാക്കണമെന്നു പറഞ്ഞു ഒരപേക്ഷയും കിട്ടീട്ടുമില്ല. ചിലർ ഒരു ശഡുവെന്നുള്ളതു രണ്ടു് ശഡുവെന്നാക്കി കിട്ടണമെന്നു പറഞ്ഞു അപേക്ഷിക്കാറുണ്ടു്, അവർക്കനുവദിച്ചു കൊടുക്കാറുമുണ്ടു്. ഈ വർഷവും ഇങ്ങിനെ ചിലർക്കു ചെയ്തിട്ടുണ്ടു്. അങ്ങിനെ രണ്ടുതവണയാക്കി കിട്ടാനായി ചിലർ ചീഫ് എഞ്ചിനീയരുടെ അടുക്കൽ അപേക്ഷിച്ചതനുസരിച്ചു അങ്ങിനെ അനുവദിക്കാൻ അദ്ദേഹം അസിസ്റ്റണ്ടു് എഞ്ചിനീയർക്കു ഓർഡർ കൊടുത്തിട്ടുണ്ടു്, അതു ശവമ്മെണ്ടു് അനുവദിക്കണമെന്നു കാണിച്ചു ചീഫ് എഞ്ചിനീയർ റിപ്പോർട്ടു ചെയ്തിട്ടുണ്ടായിരുന്നു. ശവമ്മെണ്ടു് അപ്രകാരം ചെയ്തു. അതുകൊണ്ടു് അവർക്കു പ്രത്യേകം വലിയ ബുദ്ധിമുട്ടൊന്നുമുണ്ടാകാനിടയാകാത്തതിനാൽ ഇങ്ങിനെ ര് തവണയായി അടയ്ക്കാൻ രൂൾ ഉണ്ടാക്കണമെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: തിരുവിതാംകൂർ ഗവമ്മെണ്ടു് അങ്ങിനെ ചെയ്തിട്ടുണ്ടെങ്കിൽ ഇവിടേയും ചെയ്യരുതേ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: തിരുവിതാംകൂർ ഗവമ്മെണ്ടു് അങ്ങിനെ ചെയ്തിട്ടുണ്ടെങ്കിൽ ഇവിടേയും ചെയ്യുന്ന കാര്യത്തിൽ വിരോധമൊന്നുമില്ല. പക്ഷെ തിരുവിതാംകൂർ ഗവമ്മെണ്ടു് അങ്ങിനെയൊരു കരുണ്ടാക്കിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. തല്ക്കാലം കുറച്ചുകാലത്തേയ്ക്കോ മറ്റൊ അങ്ങിനെ വല്ലതും ചെയ്തിരിക്കാം. അതുപോലെ അപേക്ഷയനുസരിച്ചു ഇവിടേയും ഒരു ഗഡുവെന്നുള്ളതു രണ്ടു തവണകളായി അടച്ചാൽ മതിയെന്നു സമ്മതിക്കാമുണ്ടു്. അതിപ്പോഴും നടന്നുവരുന്നുമുണ്ടു്. ഇങ്ങിനെയല്ലാതെ രു തവണയെന്നു ഒരു രൂപ സ്ഥിരമായുണ്ടാക്കണമെന്നു പറഞ്ഞാൽ അതിനു നിവൃത്തിയില്ല. അതിനു മുന്നു ഗവമ്മെണ്ടുകളുടേയും അനുവാദം വേണം. അല്ലാതെ ഒരു ഗവമ്മെണ്ടിനു് തനിച്ചു് അങ്ങിനെ ചെയ്യാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട ഗവമ്മെണ്ടിന്റെ ഉദ്ദേശം ലൈസൻസുകാരുടെ പക്കൽനിന്നു അവക്ക ബുദ്ധിമുട്ടില്ലാത്തതരത്തിൽ ഗവമ്മെണ്ടിലേയ്ക്കു വരേണ്ട സംഖ്യ വസൂൽ ചെയ്യുകയെന്നുള്ളതാണു്. അതിനു് പ്രത്യേകം ഒരു രൂപ വേണമെന്നില്ല.

മിസ്റ്റർ വി. കെ. കുട്ടി: ഫീസു് രണ്ടു തവണയായി അടയ്ക്കാനനുവദിക്കുന്നതായി പെറ്റീഷൻ കൊടുക്കുന്നതു് സ്റ്റാമ്പൊട്ടിച്ചു വേണോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: സ്റ്റാമ്പു വേണ്ട.

മിസ്റ്റർ ബി. എം. പീറർ: നിയമമില്ലെങ്കിൽ ഇതു നടപ്പിൽവരുവാൻ പ്രയാസമാണു്.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: രൂപയില്ലാതെതന്നെ നടപ്പിലിരിക്കുന്നുണ്ടു്.

മിസ്റ്റർ ബി. എം. പീറർ: സാധുക്കളുടെ കാര്യത്തിൽ വളരെ കഷ്ടമായി പെരുമാറുന്നതുകൊണ്ടാണു് പറയുന്നതു്.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: നാലു പ്രാവശ്യമായിട്ടു പിരിക്കണമെന്നുള്ളതു സാധിക്കുന്ന കാര്യമാണെന്നു് എനിക്കു തോന്നുന്നില്ല. ചുരുങ്ങിയതു് അയ്യായിരം, ആറായിരം വള്ളങ്ങളോളമുണ്ടു്. ഇപ്പോൾ ഓരോ വള്ളങ്ങൾക്കും ഒന്നേകാൽ രൂപാ മുതൽ പത്തേകാൽ രൂപാവരെയാണു് പിരിച്ചു വരുന്നതു്. ആ സംഖ്യ നാലു ഗഡുക്കളിലായി പിരിക്കണമെന്നു പറഞ്ഞാൽ അതു് സാധിക്കുന്ന കാര്യമാണെന്നു തോന്നുന്നില്ല.

മിസ്റ്റർ വി. പി. കണ്ണപിള്ള: വള്ളക്കാരെക്കൊണ്ടു് ഒന്നിച്ചു സംഖ്യ കൊടുക്കുവാൻ സാദ്ധ്യമല്ലെന്നാണു പറയുന്നതു്. മോട്ടാർ ബോട്ടുകൾക്കാണെങ്കിൽ സാധിച്ചേക്കാം.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: മോട്ടാർ ബോട്ടുകളുടെ കാര്യമല്ല ഞാൻ പറയുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മോട്ടാർ ബോട്ടുകളുടെ കാര്യം ഈ പ്രമേയത്തിലില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. കണ്ണൻനായർ : അടങ്ങിട്ടുണ്ട്.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : മോട്ടാർ ബോട്ടുകൾക്ക് കുറച്ചുകാലമായിട്ട് രണ്ട് ഗഡുവുകളായി പിരിച്ചിരുന്നു. നാല് ഗഡുവുകളായി പിരിക്കണമെന്നു വരുമ്പോൾ പിരിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

മിസ്റ്റർ വി. പി. കണ്ണപിള്ള : പിരിക്കുവാൻ ബുദ്ധിമുട്ടുള്ളപ്പോൾ കൊടുക്കുന്നതിനു് എത്രത്തോളം ബുദ്ധിമുട്ടുണ്ടാകും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ബ്രിട്ടീഷ്, കൊച്ചി, തിരുവിതാംകൂർ ഈ മൂന്നു ഗവൺമെണ്ടുകളുംകൂടി യോജിക്കാതെ ഇതിലേക്ക് ഒരു ഏർപ്പാടു് ചെയ്യുന്നതു് ശരിയാകയില്ല. തിരുവിതാംകൂറിൽ ഇങ്ങിനെ ഒരു വ്യവസ്ഥ ചെയ്യാമെന്നു് വാശ്ചനം ചെയ്തിട്ടുള്ള സ്ഥിതിക്കു നമ്മുടെ ഗവൺമെണ്ടു് അതുപോലെ തൊഴിലാളികളോടല്ലെങ്കിലും അതിലേക്കുള്ള ശ്രമം ചെയ്യാമെന്നു്, മറ്റു ഗവൺമെണ്ടുകളുമായി ഈ സംഗതിയിൽ എഴുത്തുകുത്തു നടത്താമെന്നു് ഒരു വാശ്ചനം ചെയ്യുവാൻ വിരോധമുണ്ടോ? അങ്ങിനെ ഒരു എഴുത്തുകുത്തു നടത്തി എന്തെങ്കിലും ഏർപ്പാടുചെയ്താൽ അതു വള്ളക്കാർക്കു വളരെ സഹായമായിരിക്കും.

Mr. V. K. Aravindaksha Menon (*Chief Engineer*): Government have no objection to consult the other Governments in this matter.

മിസ്റ്റർ വി. പി. കണ്ണപിള്ള : ഗഡുവുകളായി വാങ്ങുന്നതിനു് മറ്റു ഗവൺമെണ്ടുകളുടെ അനുവാദം വേണോ?

Mr. V. K. Aravindaksha Menon (*Chief Engineer*): There are certain practical difficulties in issuing 5,000 licenses four times a year.

മിസ്റ്റർ ഇസ്മായിൽ ഫാജി ഇസ്സാ സേട്ട : അങ്ങിനെയാണെങ്കിൽ എഴുത്തുകുത്തു നടത്തി വള്ളക്കാരുടെ കാര്യത്തിൽ എന്തെങ്കിലും ചെയ്യണമെന്നാണു് പറയുന്നതു്. മോട്ടോർ ബോട്ടുകൾക്കാണെങ്കിൽ നികുതി ഒന്നിച്ചു പിരിക്കുന്നതുപോലെ പിരിക്കാമല്ലൊ. എന്നാൽ മോട്ടോർ ബോട്ടുകളേക്കാൾ കഷ്ടമാണു് വള്ളക്കാരുടെ കാര്യം. മോട്ടോർ ബോട്ടുകൾ ശരിക്കു ഓടിച്ചു് അവർക്കു കാശു പിരിക്കുവാൻ സാധിക്കും. വള്ളക്കാർക്കു് അതിനു നിവൃത്തിയില്ല. അതുകൊണ്ടു് വല്ലതും ചെയ്യണമെന്നുണ്ടെങ്കിൽ അതു വള്ളക്കാർക്കു ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്.

മിസ്റ്റർ ബി. എം. പീറർ : ഓരോ പുതിയ വള്ളങ്ങൾ വരുമ്പോഴും അതാതിന്റെ പേരിൽ ലൈസൻസു് റജിസ്റ്റർ ചെയ്യേണ്ടതാണു്. വള്ളങ്ങൾ തന്നെ പലതും ഇപ്പോൾ ലൈസൻസു് ഫീസിൽ പെടാതെയുണ്ടെന്നു് എനിക്കു ബോദ്ധ്യമുണ്ടു്. അതുകൊണ്ടു് ആദ്യംതന്നെ റജിസ്ട്രേഷൻ കഴിക്കുകയാണു വേണ്ടതു്. അതല്ലാതെ അതു വലിയ ബുദ്ധിമുട്ടു ഞാൻ കാണുന്നില്ല. അങ്ങിനെ വള്ളങ്ങൾ റജിസ്റ്റർചെയ്തുകഴിഞ്ഞാൽ പിന്നെ ആ വള്ളങ്ങൾ നശിക്കുന്നതുവരെ ആദ്യഉടമസ്ഥനിൽനിന്നോ അല്ലെങ്കിൽ അവരിൽ കൈമാറ്റം ചെയ്യപ്പെടുന്നവരിൽനിന്നോ ഫീസു വസൂലാക്കാൻ സാധിക്കുന്നതാണു്. റജിസ്റ്റർ ചെയ്യുന്ന ഓരോ വള്ളങ്ങൾക്കും ഓരോ നമ്പർ കൊടുക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. കട്ടി: വള്ളങ്ങളെ സംബന്ധിച്ചുള്ള ലൈസൻസിൽ മൂന്നു ഗവമ്മെണ്ടുകളുടേയും അനുമതിയോടുകൂടിയായിരിക്കണമെന്നുള്ള ഗവമ്മെണ്ടിന്റെ മറുപടി യഥാർത്ഥമായി തോന്നാം. ഒരുപക്ഷേ കൊച്ചി ഗവമ്മെണ്ടു് അങ്ങിനെ അനുവദിക്കുമെന്നുവെച്ചാൽ തന്നെയും ക്ലിപ്തസമയത്തു് അതു പതിച്ചുകൊടുക്കണമെന്നു് മൂന്നു ഗവമ്മെണ്ടുകളുംകൂടി സമ്മതിച്ചുള്ളതും ഉണ്ടു്. കന്നിമാസം വരെയും പതിക്കുന്ന വള്ളങ്ങൾ കന്നി ൩൦-ാംനു വരെ പതിക്കാതിരിക്കുന്നപക്ഷം അതു് പതിവിൽ പെടുകയില്ല. ഇവിടെയുള്ള അത്തരം വള്ളങ്ങൾ തിരുവിതാംകൂറിൽ പോയാലും അവിടെയുള്ള വള്ളങ്ങൾ ഇവിടെ വന്നാലും ഇതുപോലെയാണു് അനുഷ്ഠിക്കുന്നതു്. ആ സ്ഥിതിക്കു് മൂന്നു ഗവമ്മെണ്ടുകളും യോജിച്ചു് ഒരു പതിവു സമ്പ്രദായം ഏർപ്പെട്ടത്താതെ കൊച്ചിയിൽ മാത്രമായി ഇതു നടപ്പിൽ വരുത്തണമെന്നുവച്ചാൽ അതു നിയമപ്രകാരമായിരിക്കുമെന്നു് എനിക്കു വിശ്വാസമില്ല. ഇപ്പോൾ തിരുവിതാംകൂർ ഗവമ്മെണ്ടു് ഇങ്ങിനെ ഏതാനും ഗഡുക്കളായി സംഖ്യ അടച്ചാൽ മതിയെന്നു നിർദ്ദേശിച്ചിട്ടുള്ളതായി പത്രങ്ങളിൽ നിന്നും കാണുകയുണ്ടായി. അതിന്റെ യഥാർത്ഥമായ നില എന്താണെന്നു് എനിക്കു് അറിവില്ല. തിരുവിതാംകൂർ ഗവമ്മെണ്ടു തന്നിച്ചു് ഈ നിലയിൽ പ്രവൃത്തിക്കുവാൻ സാദ്ധ്യമല്ല. ഓരോ ബോട്ടുകൾക്കും വള്ളങ്ങൾക്കും ഉദ്ദേശിച്ച സമയത്തു ലൈസൻസെടുക്കുകയും, പിന്നീടു് സംഖ്യ നാലു ഗഡുക്കളായി അടക്കുകയും വേണമെന്നു തിരുവിതാംകൂറിൽ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതുപോലെ കൊച്ചിയിലും വരുത്തുന്നതുകൊണ്ടു യാതൊരു വിരോധവുമില്ല. ബോട്ടുകളായാലും ശരി, വള്ളങ്ങളായാലും ശരി, എല്ലാറ്റിനും ഒന്നുപോലെ മാത്രമേ പിരിക്കുവാൻ പാടുള്ളൂ. എപ്പോഴും നാലുപ്രാവശ്യമായി പതിക്കുവാനും ലൈസൻസെടുക്കുവാനും പ്രയാസമാണു്. അതുകൊണ്ടു് കന്നിമാസത്തിനു മുമ്പായി കൊച്ചി രാജ്യത്തുള്ള സകല ബോട്ടുകളും വള്ളങ്ങളും നിയമപ്രകാരം പതിക്കണം. അതിലേക്കുള്ള സംഖ്യ ഒരു ഗഡുവു കഴിച്ചു് ബാക്കി മൂന്നു ഗഡുവുകളായി അടക്കണം. എന്നാൽ മാത്രമേ കൊച്ചിരാജ്യത്തു മാത്രമായി ഈ പ്രവൃത്തിരൂപത്തിൽകൊണ്ടുവരുവാൻ സാധിക്കുകയുള്ളൂ. കൊച്ചിയിൽ ആദ്യം ലൈസൻസെടുത്തുകഴിഞ്ഞാൽ ആ വള്ളങ്ങൾ തിരുവിതാംകൂറിലോ ബ്രിട്ടീഷിലോ അടുക്കുകയാണെങ്കിൽ പ്രത്യേകം ലൈസൻസു് ഫീസുകൂടാതെതന്നെ അവക്കു തൊഴിൽ നടത്താം. അതുകൊണ്ടു് ആദ്യമായി വേണ്ടതു് ലൈസൻസു കൊടുക്കുകയാണു്. സംഖ്യ പിരിക്കുന്നതു് നാലു ഗഡുവുകളിലായാലും വിരോധമില്ല. ഇങ്ങിനെയുള്ള സമ്പ്രദായം നമ്മുടെ ഗവമ്മെണ്ടു നടപ്പാക്കണം. ഈ സംഗതിയിൽ വലിയ വള്ളങ്ങളുടേയും ചെറുവഞ്ചികളുടേയും ബോട്ടുകളുടേയും കാര്യമെല്ലാം ഒന്നുപോലെ ഉൾപ്പെടുത്തണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

Mr. V. K. Aravindaksha Menon (*Chief Engineer*): What the hon'ble member who spoke just now said is that we must give a licence for the whole year, but to collect only ¼ of the fees. Then we cannot give a receipt for the whole amount. We will have to take 4 annas instead of one rupee if it is a one rupee vallom. We cannot do that, because according to the tripartite agreement, we have to collect the entire licence fees if we are to issue licence for the whole year. I hope the House can understand the difficulty of collecting four annas once in three months from the 3,000 or 4,000 boat-owners. I am perfectly in

LIBRARY ARCHIVES Kerala Legislative Assembly

sympathy with the member in saying that it will considerably relieve their financial strain if the fee is collected in three or four instalments.

Mr. T. V. Subramania Ayyar (*Nemmara*): Is there any prohibition to issue licence for three months?

Mr. V. K. Aravindaksha Menon (*Chief Engineer*): The rules are to the effect that if the valloms have to run even for one day, they have to pay fee for the whole year. The same question has been raised before the British Government and they said they cannot collect fees by instalments. They have given their ruling on this point.

മിസ്റ്റർ ബി. എം. പീറർ: എന്റെ പ്രമേയത്തിനു് ശരിയായ ആനുകൂല്യം കിട്ടുമെന്നുള്ള പ്രത്യാശ എനിക്കുണ്ടായിരുന്നു. എന്താണെന്നുവെച്ചാൽ ഇതുവരെ ഇവിടെ അവതരിപ്പിക്കപ്പെട്ട മറ്റു പ്രമേയങ്ങളെല്ലാം പണമില്ല, പണമില്ല എന്നുള്ള ഒറ്റക്കാരണത്തിന്മേലാണു് ഗവൺമെണ്ടിനു് എതിക്കുവാനിടയായിട്ടുള്ളതു്. പക്ഷെ എന്റെ ഈ പ്രമേയത്തിനു് ഒരു പണവും ചിലവാക്കേണ്ടതില്ല. അല്പം പലിശ നഷ്ടം മാത്രം ഇതുകൊണ്ടുണ്ടായേക്കാം. ആ പലിശ നഷ്ടമെങ്കിലും സഹിക്കുവാൻ സാധിക്കയില്ലെങ്കിൽ ഈ അനുദ്യോഗസ്ഥസാമാജികന്മാർ ഇങ്ങിനെ നിങ്ങളുടെ മുമ്പാകെ വന്നു് സംസാരിക്കുന്ന ഈ സംസാരങ്ങളും പ്രവൃത്തികളും വെറുമൊരു പ്രഹസനം മാത്രമായിരിക്കും. സാധുക്കളുടെ കഷ്ടതകളെ ജനപ്രതിനിധികളായ ഞങ്ങൾ ധരിപ്പിക്കുന്ന അവസരത്തിൽ യാതൊരുതരത്തിലും സഹതാപം കാണിക്കുവാൻ നിവൃത്തിയില്ല, സഹായിക്കുവാൻ മനസ്സില്ല എന്നാണു് നിങ്ങൾ പറയുന്നതു്. ഈ നില ഇവിടെ തുടർന്നുപോകുകയാണെങ്കിൽ തിരുവിതാംകൂറിൽ കണ്ട തൊഴിലാളിസംഘങ്ങൾ ഇവിടെയും ഉണ്ടാകയില്ലെ എന്നു ഞാൻ സംശയിക്കുന്നു.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ഇന്നത്തെ തിരുവിതാംകൂറിലെ സ്ഥിതി വള്ളക്കാരുടെ ഫീസു കുറച്ചതല്ലേ?

മിസ്റ്റർ ബി. എം. പീറർ: ഇനി എനിക്കു പറയുവാനുള്ളതു് എന്റെ മാന്യസ്നേഹിതരായ അനുദ്യോഗസ്ഥസാമാജികന്മാരോടാണു്. ഇതിൽ എല്ലാവരുടേയും സഹായസഹകരണമുണ്ടാകണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ പ്രസ്താവിക്കുന്നു.

The resolution was put and carried.

17. Granting of concessions to non-depressed classes from the Depressed Classes Department.

മിസ്റ്റർ കെ. പി. വള്ളോൻ: സർ, അധഃകൃതരല്ലാത്ത സമുദായങ്ങൾക്കു് നൽകുന്ന ആനുകൂല്യങ്ങൾ അധഃകൃതസംരക്ഷണ വകുപ്പിൽനിന്നു ഒഴിവാക്കേണ്ടതാണെന്നു ഈ സഭ ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു ശുപാർശചെയ്യുകൊള്ളുന്നു."

LIBRARY ARCHIVES Kerala Legislative Assembly